"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്ററിന് 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് രണ്ടാം ഗഡു ഗ്രാന്റ് അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.143/2026/WCDD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.3/2026/ഡബ്ല്യുസിഡിഡി തീയതി. 04/01/2026.

2. വനിതശിശു വികസന ഡയറക്ടറുടെ 28.02.2026-ലെ DWCD/3702/2025-WEC2 നമ്പർ കത്ത്.

**ഉത്തരവ്**

സ്ത്രീ ശാക്തീകരണം, സ്ത്രീ വിമോചനം, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച സ്ത്രീപക്ഷ കാഴ്ചപ്പാടോട്ടു കൂടിയ അംഗങ്ങളുള്ള 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്റർ എന്ന സംഘടനയ്ക്ക് 2025-26 വർഷത്തെ പദ്ധതി പ്രവർ ത്തനങ്ങൾ ക്കായി 30 ലക്ഷം രൂപ ഗ്രാന്റായി 2235-02-103-64(NP) ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് 2025-26 വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള ആദ്യ ഗഡു ഗ്രാന്റായി 2235-02-103-64(NP) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 30,00,000/- രൂപയിൽ നിന്നും 12,00,000/- (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്റർ, കുതിരവട്ടം, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശുപാർശ ചെയ്ത് നൽകിയ 24,90,000/- രൂപയിൽ നിന്നും ആദ്യ ഗഡു ഗ്രാന്റായി അനുവദിച്ച 12 ലക്ഷം രൂപ കിഴിച്ച് ടി ശീർഷകത്തിൽ അവശേഷിച്ചിട്ടുള്ള 12,90,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) 2235-02-103-64(NP) ശീർഷകത്തിൽ നിന്നും രണ്ടാം ഗഡു ഗ്രാന്റായി അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്ററിന് 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് 2235-02-103-64(NP) ശീർഷകത്തിൽ ഗ്രാന്റായി ഉൾപ്പെടുത്തിയിട്ടുള്ള 30 ലക്ഷം രൂപയിൽ നിന്നും രണ്ടാം ഗഡുവായി 10,00,000/-(പത്ത് ലക്ഷം രൂപ മാത്രം) രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (Vide U.O.No.WCD-1/209/2025-FIN(E-3273997) Dated.12.03.2026)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 13-03-2026 11:59:07
സെക്ഷൻ ഓഫീസർ